(ബി) വികലാംഗർക്കായി കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന കേഷമ പ്രവർത്തനങ്ങൾ ചുരുടെ ചേർക്കുന്നു.

1. സൗജന്യ ഉപകരണങ്ങളുടെ വിതരണം

2. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)

3. മോട്ടോർ ഘടിപ്പിച്ച സ്കൂട്ടർ വാഹനം വാങ്ങിയ വികലാംഗർക്ക് സബ്സിഡി

4. അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രോഹിഷ്യൻസി അവാർഡ്

5. മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്-കം-ഗൈഡൻസ്.

6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം

7. സൗജന്യമായ തയ്യൽ-കോഹരി വെൻഡിംഗ് മെഷീനുകൾ നൽകൽ.

8. സ്വയംതൊഴിൽ/ വിദ്യാഭ്യാസ/കൃഷി എന്നിവയ്ക്കായി നാഷണൽ ഹാൻഡിക്യാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ നൽകൽ.

9. തികച്ചും അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സിരിനിക്കേഷ പദ്ധതി

10. പ്രായമായവർക്ക് സഹായോപകരണങ്ങൾ മെഡിക്കൽ ക്യാമ്പ് നടത്തി വിഭ്യമാക്കൽ.

11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടി പാരശ്ശാലയിൽ വൃദ്ധസദനം

12. വികലാംഗരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിൽ പരിശീലനം.

13. കേന്ദ്ര സർക്കാരിന്റെ എൻ.പി.ആർ.പി.ഡി. പദ്ധതി പ്രകാരം കൊല്ലം പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സമ്പൂർണ്ണ വികലാംഗ പുനരധിവാസം

(സി) ഐ.ടി. രംഗത്തേക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കാനുതകുന്ന പദ്ധതികൾ തനത് ഫണ്ട് വിനിയോഗിച്ച് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല എന്നതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിലെ അപാകതകൾ

21 (*681) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ അപാകതകൾ പരിഹരിക്കാനായി സർക്കാർ ഡോക്ടർമാർ നടത്തുന്ന നിസ്സഹരണ സമരം മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തൊക്കെ ആവശ്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് ഡോക്ടർമാർ ഇപ്പോൾ നിസ്സഹരണ സമരം നടത്തുന്നത് ;

(സി) ഈ സമരത്തിന്റെ ഭാഗമായി ഡോക്ടർമാർ എന്തൊക്കെ ജോലികളിൽ നിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നുമാണ് വിട്ടുനിൽക്കുന്നത് ;

(ഡി) നിസ്സഹകരണ സമരം നടത്തുന്ന ഡോക്ടർമാരുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ ;

(ഇ) ഇവരുടെ നിസ്സഹരണ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത് ;

(എഫ്) ഇക്കാര്യത്തിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തെ മുഴുവൻ ജനറൽ, ജില്ലാ താലൂക്ക് ആശുപത്രികളിലും മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികളിലും അവയുടെ കിടക്കകളുടെ അടിസ്ഥാനത്തിൽ വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ക്രമീകരിച്ച് വിന്യസിച്ചു. ഇതിലേയ്ക്കായി 441 ഡോക്ടർമാരുടെ അധിക തസ്തികകളും സൃഷ്ടിച്ചു. പുതിയ കേഡർ നടപ്പിലാക്കിയതിലൂടെ വിവിധ വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം താലൂക്ക്തലംവരെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചു.

31-12-2006-ന് മുമ്പ് ജോലിയിൽ പ്രവേശിച്ചവർക്കാണ് ആദ്യം സ്പെഷ്യലിസ്റ്റ് കേഡറിൽ നിയമനം നൽകിയിട്ടുള്ളത്. എന്നാൽ മെഡിസിൻ, സർജറി, അനസ്തേഷ്യ, ഡെർമറ്റോളജി, ടി.ബി & ചെസ്റ്റ് മേഖലകൾ തുടങ്ങിയ പ്രധാന വിഭാഗങ്ങളിലേക്ക് ആവശ്യമായ സ്പെഷ്യലിസ്റ്റുകൾ സർവ്വീസിൽ ലഭ്യമായിരുന്നില്ല. ഇതിലേയ്ക്ക് 1-1-2007 മുതൽ നാളിതുവരെ സർവ്വീസിൽ പ്രവേശിച്ച സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കൂടി ഓപ്ഷൻ ശേഖരിച്ച് അവരെക്കൂടി ബാക്കി ഒഴിവുള്ള സ്പെഷ്യാലിറ്റി തസ്തികകളിലേക്ക് നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

നിസ്സഹരണ സമരത്തിന്റെ ഭാഗമായി ഒരു വിഭാഗം ഡോക്ടർമാർ അവലോകന യോഗങ്ങളിൽ പങ്കെടുക്കില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ആശുപത്രികളുടേയും ഫീൽഡ് തല പൊതുജനാരോഗ്യ പ്രവർത്തനങ്ങളേയും മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങളേയും നിസ്സഹരണ സമരം ബാധിച്ചിട്ടില്ല. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ പ്ലാനിംഗും, വിലയിരുത്തലും തുടർനടപടികളും മുടക്കം കൂടാതെ നടത്തിവരുന്നുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ യഥാസമയം ഇടപെട്ട് പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യാലിറ്റി/അഡ് മിനിസ്ട്രേറ്റീവ് കേഡറിലെ അപാകതകൾ പരിഹരിക്കണമെന്നും മറ്റും ആവശ്യപ്പെട്ടാണ് ഇപ്പോൾ നിസ്സഹരണ സമരം നടത്തുമെന്ന് അറിയിച്ചിട്ടുള്ളത്.

(സി) ഉദ്യോഗസ്ഥതലത്തിലുള്ള അവലോകനയോഗങ്ങളിൽ നിന്നു മാത്രമാണ് ഡോക്ടർമാർ വിട്ടുനിൽക്കുന്നത്.

(ഡി) നടത്തി.

(ഇ) & (എഫ്) ഡോക്ടർമാരുടെ വ്യക്തിഗത അപ്പീലുകൾ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ജി.ഒ (എം.എസ്) നം.356/10/ആ.കുവ തീയതി 6-6-2010 പ്രകാരം 168 ഡോക്ടർമാരുടേയും ജി.ഒ. (ആർ.റ്റി) 2526/10/ആ.കു.വ തീയതി 28-6-2010 പ്രകാരം 133 ഡോക്ടർമാരുടേയും അപ്പീലുകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകി. ഒഴിവുള്ള തസ്തികകളിലേക്ക് കൂടി ഓപ്ഷൻ ക്ഷണിച്ച് നിയമനം നടത്താൻ നടപടി സ്വീകരിച്ചു.

ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനം

22 (*682) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയത് എന്നു മുതലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയതിനുശേഷം പ്രതിവർഷം എത്ര ഡോക്ടർമാർ വീതം പഠിച്ചിറങ്ങിയെന്നും ഇവരിൽ എത്ര പേർവീതം ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനത്തിന് വിസമ്മതിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ആയതു പ്രകാരം ശിക്ഷാ നടപടികൾക്ക് എത്ര ഡോക്ടർമാർ വിധേയരായി ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്ന് വിജയകരമായി പഠനം പൂർത്തിയാക്കി പുറത്തുവരുന്ന ഒരു ഡോക്ടർക്ക് പഠന ചെലവിനായി ഖജനാവിൽ നിന്ന് എത്ര തുകയാണ് സർക്കാർ ചെലവഴിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഇ) ഗ്രാമീണ മേഖലയിലുള്ള ആതുരാലയങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly